# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം
## പോലീസ് വിഭാഗത്തിലെ എച്ച്.ആർ.എ. നിയന്ത്രണം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 113. 02/03/2020-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് വിവാഹശേഷം മാത്രമേ എച്ച്.ആർ.എ. അനുവദിക്കുന്നുള്ളൂ എന്ന വിഷയം സംബന്ധിച്ച് നാളിതുവരെ ഇറങ്ങിയിട്ടുള്ള ഉത്തരവുകളുടെ വിശദാംശം അറിയിക്കുമോ; | (എ) | 11.02.1958-ലെ ജി.ഒ. (എം.എസ്) നം. 146/1958-ലെ ഉത്തരവ് പ്രകാരവും കേരളാ പോലീസ് ക്വാർട്ടേഴ്സ് അലോട്ട്മെന്റ് ആന്റ് ഒക്യുപേഷൻ റൂൾസ്, ജി.ഒ. (എം.എസ്) നം. 128/1976/ആഭ്യന്തരം തീയതി 28.09.1976-ലെ ചട്ടങ്ങൾക്കും മറ്റ് സർക്കാർ ഉത്തരവുകൾക്കും വിധേയമായും പകുതി എച്ച്.ആർ.എ. നൽകി വരുന്നു. കൂടാതെ സേനാംഗങ്ങൾ ബ്യൂഗിൾ കോൾ പരിധിക്കുള്ളിൽ താമസിച്ച് മാര്യേജ് സർട്ടിഫിക്കറ്റ്, അപേക്ഷ എന്നിവ സമർപ്പിക്കുന്ന പക്ഷം മുഴുവൻ എച്ച്.ആർ.എ യും നൽകി വരുന്നു. |
| (ബി) | പോലീസ് വിഭാഗത്തിൽ നിലനിൽക്കുന്ന എച്ച്.ആർ.എ. നിയന്ത്രണത്തിൽ മാറ്റം വരുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടികൾ നടന്നുവരുന്നുണ്ടോ; എങ്കിൽ അനുബന്ധ വിവരങ്ങൾ അറിയിക്കുമോ; | (ബി) | ജില്ലാ സായുധ സേനാ വിഭാഗം നിർത്തലാക്കി സിവിൽ പോലീസിന്റെ ഭാഗമായ ജില്ലാ ഹെഡ്ക്വാർട്ടേഴ്സുകളാക്കി മാറ്റിയതിനാൽ, ജില്ലാ ഹെഡ് ക്വാർട്ടേഴ്സുകളിൽ ജോലി ചെയ്യുന്ന പോലീസ് സേനാംഗങ്ങൾക്ക് ലോക്കൽ പോലീസ് സേനാംഗങ്ങൾക്ക് നൽകുന്നതുപോലെ പൂർണ്ണ നിരക്കിൽ വീട്ടുവാടകബത്ത നൽകാമോ എന്ന കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | ഇത്തരത്തിൽ പോലീസ് വിഭാഗത്തിൽ നിലനിൽക്കുന്ന എച്ച്.ആർ.എ. നിയന്ത്രണത്തിൽ പരിഷ്കരണം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;ഇല്ലെങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) | ഈ വിഷയം പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷനു മുന്നിൽ ഉന്നയിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ